ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 08-03-2026** | പ്രധാന വാർത്തകൾ | **TIME : 07.25 PM**

1. സ്ത്രീകൾ നേതൃത്വം നൽകുന്ന വികസനത്തിലേക്കുള്ള യാത്രയിലാണ് രാജ്യമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. അന്താരാഷ്ട്ര വനിതാ ദിനത്തിൽ രാജ്യമെമ്പാടും വിപുലമായ പരിപാടികൾ.

   **President Droupadi Murmu said that India is moving forward with the idea of women led development. Across the nation, extensive programs are being held on the occasion of International Women's Day.**

2. ന്യൂഡൽഹിയിൽ 33,500 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി തുടക്കം കുറിച്ചു.

   **Prime Minister Narendra Modi inaugurates and lays foundation stone of multiple development projects worth around 33 thousand 500 crore rupees in New Delhi.**

3. പാർലമെന്റ് ബജറ്റ് സമ്മേളനത്തിന്റെ രണ്ടാം ഘട്ടത്തിന് നാളെ തുടക്കം. സ്പീക്കർ ഓം ബിർളയെ നീക്കണമെന്ന പ്രതിപക്ഷ പ്രമേയം ലോക്സഭ പരിഗണിക്കും.

   **The second phase of budget session of Parliament will commence tomorrow. Lok Sabha is scheduled to take up a resolution seeking removal of Speaker Om Birla.**

4. പശ്ചിമേഷ്യയിലെയും ഗൾഫ് മേഖലയിലെയും സംഭവവികാസങ്ങൾ നിരന്തരം നിരീക്ഷിച്ചുവരികയാണെന്ന് ഇന്ത്യ.

   **India stated that it is continuously monitoring the developments in West Asia and the Gulf region.**

5. കേരള തീരത്തിന് സമീപം അപകടത്തിൽപ്പെട്ട ഒൻപത് മത്സ്യത്തൊഴിലാളികൾക്ക് രക്ഷകരായി തീരസംരക്ഷണ സേന.

**Nine fishermen who met with an accident about 80 nautical miles off the Kerala coast have been rescued by the Indian Coast Guard.**

6. പുരുഷ ടി-20 ക്രിക്കറ്റ് ലോകകപ്പ് ഫൈനലിൽ ന്യൂസിലാന്റിനെതിരെ ഇന്ത്യക്ക് ബാറ്റിംഗ്.

**India is batting against New Zealand in the final of the ICC Men's T20 Cricket World Cup.**

## PREZ-WOMEN THOUGHT (INTRO)

സ്ത്രീകൾ നേതൃത്വം നൽകുന്ന വികസനത്തിലേക്കുള്ള യാത്രയിലാണ് രാജ്യമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. വനിതാ ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച പരിപാടിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. രാജ്യത്തെ വനിതകളെ വിദ്യാഭ്യാസപരമായും സാമ്പത്തികമായും ശാക്തീകരിക്കുന്നതിന് സർക്കാർ നിരവധി പദ്ധതികൾ നടപ്പാക്കുന്നതായും ശ്രീമതി മുർമു പറഞ്ഞു.

(ഹോൾഡ് വോയ്സ്........)

*******************************

## VP-VISIT TEMPLE VP-TRIPURA UNIVERSITY

വിദ്യാർത്ഥികൾ വിജയത്തിനായി കഠിനാധ്വാനം, അച്ചടക്കം, സമർപ്പണം എന്നീ മൂന്ന് പ്രധാന തത്വങ്ങൾ പാലിക്കണമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. ത്രിപുര സർവകലാശാലയുടെ 14-ാമത് ബിരുദദാന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മയക്കുമരുന്നിൽ നിന്ന് വിട്ടുനിൽക്കാനും വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിന്

സാങ്കേതികവിദ്യ ക്രിയാത്മകമായി ഉപയോഗിക്കാനും ഉപരാഷ്ട്രപതി യുവാക്കളോട് അഭ്യർത്ഥിച്ചു.

*******************************

## EVE PM - DELHI PROJECTS (INTRO)

ന്യൂഡൽഹിയിൽ മുപ്പത്തി മൂവായിരത്തി 500 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിച്ചു. രാജ്യവികസനത്തിൽ സ്ത്രീകൾ നിർണായക സംഭാവന നൽകുന്നതായി അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്........)

പതിനെട്ടായിരത്തി 300 കോടി രൂപയുടെ ഡൽഹി മെട്രോ പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കം കുറിച്ചു. ഡൽഹി മെട്രോയുടെ രണ്ട് പുതിയ ഇടനാഴികളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

*******************************

## PARLIAMENT DISCUSSION

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന്റെ രണ്ടാം ഘട്ടത്തിന് നാളെ തുടക്കമാകും. ലോക്സഭാ സ്പീക്കർ ഓം ബിർളയെ സ്പീക്കർ സ്ഥാനത്ത് നിന്ന് നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടു വന്ന പ്രമേയം ലോക്സഭ നാളെ പരിഗണിക്കും. അടുത്തമാസം രണ്ട് വരെയാണ് രണ്ടാം ഘട്ടം. ബജറ്റ് സമ്മേളനത്തിന്റെ ആദ്യ ഘട്ടത്തിൽ, സ്പീക്കർ പക്ഷപാതപരമായി പെരുമാറി എന്ന് ആരോപിച്ച് പ്രതിപക്ഷം ലോക്സഭാ സെക്രട്ടറി ജനറലിന് നോട്ടീസ് നൽകിയിരുന്നു. ഫെബ്രുവരി-13 നാണ് ആദ്യ ഘട്ട സമ്മേളനം അവസാനിച്ചത്.

*******************************

## PM - SABKA SAATH WEBINAR

വിദ്യാഭ്യാസം, നൈപുണ്യം, സർവകലാശാല ടൗൺഷിപ്പുകൾ എന്നിവ സംബന്ധിച്ച ബജറ്റാനന്തര വെബിനാറിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ വെർച്വലായി അഭിസംബോധന ചെയ്യും. വിദ്യാഭ്യാസവും നൈപുണ്യവും, ആരോഗ്യം, ആയുഷ്, വിനോദസഞ്ചാരം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ സെഷനുകൾ ഉണ്ടായിരിക്കും. വിദ്യാഭ്യാസം, നൈപുണ്യം, ആനിമേഷൻ, ഗെയിമിംഗ്, എന്നിവ ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ച പ്രധാന സംരംഭങ്ങളെക്കുറിച്ച് വെബിനാർ ചർച്ച ചെയ്യും.

******************************

## JUAL ORAM- TRIBAL

രാഷ്ട്രപതിയുടെ പശ്ചിമബംഗാൾ സന്ദർശനത്തിനിടെ പ്രോട്ടോകോൾ ലംഘനം ഉണ്ടായ സംഭവത്തെ അപലപിച്ച് കേന്ദ്ര ഗോത്ര കാര്യ മന്ത്രി ജുവൽ ഒറാം. സംഭവം ദൗർഭാഗ്യകരമാണെന്നും ഗോത്രസമൂഹത്തിന് ഏറെ ദുഖമുണ്ടാക്കിയതായും അദ്ദേഹം പറഞ്ഞു. രാജ്യത്തെ പരമോന്നത പദവിയാണ് രാഷ്ട്രപതി എന്നും അതിന് വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രോട്ടോക്കോൾ കൃത്യമായി പാലിക്കപ്പെടണമെന്നും ശ്രീ ജുവൽ ഒറാം വ്യക്തമാക്കി.

******************************

## MY BHARAT- YUVA CONNECT

വികസിത് ഭാരത് യുവ കണക്ട് പരിപാടിയുടെ രണ്ടാം ഘട്ടത്തിന് നാളെ ന്യൂഡൽഹിയിൽ തുടക്കമാകും. 2047ഓടെ രാജ്യത്തെ വികസിത രാഷ്ട്രമാക്കുക എന്ന ലക്ഷ്യത്തോടെ മേരാ യുവ ഭാരത് മൈഭാരതിൻറെ സഹായത്തോടെ കേന്ദ്ര യുവജന കായിക മന്ത്രാലയമാണ് പരിപാടി സംഘടിപ്പിക്കുന്നത്. രാജ്യ തലസ്ഥാനത്തെ 35 കോളേജുകളിൽ നിന്ന് പതിനായിരത്തിലേറെ

വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുക്കുമെന്ന് മന്ത്രാലയം അറിയിച്ചു.

*******************************

## KOLKATA- MANDAVIYA

രാജ്യത്തെ വികസിതമാക്കുന്നതിന് നിർണായക പങ്കുവഹിക്കാൻ യുവാക്കളോട് ആഹ്വാനം ചെയ്ത് കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ. കൊൽക്കത്തിയിൽ മൈ ഭാരത് യൂത്ത് വോളണ്ടിയർ കോൺഫറൻസിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ വികസന യാത്രയെ മുൻപന്തിയിൽ നിന്ന് നയിക്കേണ്ടത് യുവാക്കളാണെന്നും ശ്രീ.മൻസൂഖ് മാണ്ഡവ്യ ഓർമ്മിപ്പിച്ചു.

*******************************

## CEC-KOLKATA

മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ഇന്ന് കൊൽക്കത്ത സന്ദർശിക്കും. തെരഞ്ഞെടുപ്പ് കമ്മീഷണർമാരായ സുഖ്ബീർ സിംഗ് സന്ധു, വിവേക് ജോഷി എന്നിവർക്കൊപ്പം അദ്ദേഹം രാത്രിയോടെ കൊൽക്കത്തയിലെത്തും. പശ്ചിമ ബംഗാളിലെ നിയമസഭാ തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ സംഘം അവലോകനം ചെയ്യും.

*******************************

## KERALA - SIR

കേരളത്തിൽ ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേരു ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്ലിക്കേഷൻ വഴിയോ, ബൂത്തുതല ഓഫീസർ

വഴിയോ അപേക്ഷിക്കാം. നാമനിർദ്ദേശപ്പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെയാണ് പേര് ചേർക്കാൻ അവസരം.

*******************************

## T- 20 WORLD CUP

പുരുഷ ടി-20 ക്രിക്കറ്റ് ലോകകപ്പ് ഫൈനലിൽ ടോസ് നേടിയ ന്യൂസിലാന്റിനെതിരെ ഇന്ത്യക്ക് ബാറ്റിംഗ്. ടോസ് നേടിയ ന്യൂസിലാന്റ് ബൗളിംഗ് തിരഞ്ഞെടുക്കുകയായിരുന്നു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 5 ഓവറിൽ വിക്കറ്റൊന്നും നഷ്ടപ്പെടാതെ 86 റൺ എടുത്തിട്ടുണ്ട്. കിരീടം നേടിയാൽ മൂന്ന് തവണ ടി-20 ലോകകപ്പ് നേടിയ ആദ്യ ടീമായി ഇന്ത്യ മാറും.

*******************************

## ICC-DOHA MEET-POSTPONED

ഈ മാസം 25 ന് ഖത്തറിലെ ദോഹയിൽ ആരംഭിക്കാനിരുന്ന അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ യോഗം മാറ്റി വച്ചു. പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിലാണ് തീരുമാനം.

*******************************

## WEST ASIA UPDATES

പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്ന് ഗൾഫ് മേഖലയിൽ നിന്ന് 52,000-ത്തിലധികം ഇന്ത്യൻ പൗരന്മാരെ സുരക്ഷിതമായി തിരികെ എത്തിച്ചതായി വിദേശകാര്യ മന്ത്രാലയം. 32,000 പേർ ഇന്ത്യൻ വിമാനങ്ങളിലും ബാക്കിയുള്ളവർ വിദേശ വിമാനങ്ങളിലുമാണ് എത്തിയത്. പശ്ചിമേഷ്യയിലെയും ഗൾഫ് മേഖലയിലെയും സംഭവവികാസങ്ങൾ ഇന്ത്യ നിരന്തരം നിരീക്ഷിച്ചുവരികയാണെന്നും മന്ത്രാലയം അറിയിച്ചു.

അതെസമയം, പശ്ചിമേഷ്യയിലെ സാഹചര്യം കണക്കിലെടുത്ത്, നാളെ മുതൽ ബുധനാഴ്ച വരെയുള്ള 12-ാം ക്ലാസ് പരീക്ഷകൾ CBSE മാറ്റിവച്ചു. പുതിയ തീയതി പിന്നീട് പ്രഖ്യാപിക്കും.

*******************************

## COAST GUARD

കേരള തീരത്തുനിന്ന് 80 നോട്ടിക്കൽ മൈൽ അകലെ അപകടത്തിൽപ്പെട്ട ഒൻപത് മത്സ്യത്തൊഴിലാളികളെ തീരസംരക്ഷണ സേന രക്ഷപ്പെടുത്തി. രണ്ടു മത്സ്യത്തൊഴിലാളികളുടെ മൃതദേഹങ്ങൾ കണ്ടെടുത്തു. നാളെ രാവിലെ മൃതദേഹങ്ങൾ വിഴിഞ്ഞത്ത് എത്തിക്കുമെന്ന് അധികൃതർ അറിയിച്ചു. ശനിയാഴ്ച ഉച്ചയോടെ കന്യാകുമാരിയിൽ നിന്ന് മത്സ്യബന്ധനത്തിന് പോയ ബോട്ടാണ് വിഴിഞ്ഞത്തിന് 80 നോട്ടിക്കൽ മൈൽ അകലെ അപകടത്തിൽ പെട്ടത്.

*******************************

## SHOBHA KARANDLAJE

ചട്ടമ്പിസ്വാമികളുടെ മഹാസമാധി വാർഷികാഘോഷത്തിന്റെ ഭാഗമായ പന്മന ആശ്രമ തീർത്ഥാടന സമാരംഭ സഭ കേന്ദ്ര സഹമന്ത്രി ശോഭ കരന്ദലജെ ഉദ്ഘാടനം ചെയ്തു. സ്വയം വളരുന്നതിനും, നാടിന്റെ വികസനത്തിനും ആത്മീയത എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് പുതുതലമുറയെ പഠിപ്പിക്കണമെന്ന് മന്ത്രി പറഞ്ഞു.

*******************************

## NIRBHAYA NISHA

വനിതകൾക്ക് ഭയരഹിത രാത്രിയാത്ര ഉറപ്പാക്കുന്നതിനുള്ള കേരള പൊലീസിന്റെ പദ്ധതിയായ 'നിർഭയ നിശ'

കേരളത്തിലുടനീളം നടപ്പാക്കും. സംസ്ഥാനതല ഉദ്ഘാടനവും പോലീസ് വാഹനങ്ങളുടെ ഫ്ലാഗ് ഓഫും തിരുവനന്തപുരം മാനവീയം വീഥിയിൽ DGP റവാഡ ചന്ദ്രശേഖർ അൽപസമയത്തിനകം നിർവഹിക്കും.

*******************************

## CBI - ANIL AMBANI

ബാങ്ക് വായ്പാ തട്ടിപ്പിൽ വ്യവസായി അനിൽ അംബാനി ഉൾപ്പെടെയുള്ളവർക്കെതിരെ സിബിഐ കേസ് രജിസ്റ്റർ ചെയ്തു. പഞ്ചാബ് നാഷണൽ ബാങ്ക് നൽകിയ പരാതിയിലാണ് നടപടി. 2013 നും 2017 നും ഇടയിൽ അനിൽ അംബാനി ഉൾപ്പെടെയുള്ളവർ ആയിരം കോടിയിലധികം രൂപ ബാങ്കിനെ വഞ്ചിച്ച് ക്രമരഹിതമായ രീതിയിൽ ചിലവഴിച്ചെന്നാണ് പരാതി.

*******************************

## IMD

ജമ്മു കശ്മീരിലും ഉത്തരാഖണ്ഡിലും ഈ മാസം 13 വരെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തീരദേശ ആന്ധ്രപ്രദേശിലും, കേരളത്തിലും മാഹിയിലും നാളെ വരെ ഇടിയോടു കൂടിയ മഴയ്ക്കും സാധ്യതയുണ്ട്. സമാന കാലാവസ്ഥയായിരിക്കും അടുത്ത നാല് ദിവസങ്ങളിൽ പശ്ചിമ ബംഗാളിലും സിക്കിമിലും അനുഭവപ്പെടുക.

*******************************

## NEPAL RESULTS

നേപ്പാൾ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ബാലേന്ദ്ര ഷായുടെ നേതൃത്വത്തിലുള്ള രാഷ്ട്രീയ സ്വതന്ത്ര പാർട്ടി RSP-ക്കു വൻ വിജയം. മുൻ പ്രധാനമന്ത്രി കെ പി ശർമ്മ ഒലിയെ 50,000-ത്തോളം വോട്ടിനു പരാജയപ്പെടുത്തിയാണ് ബാലേന്ദ്ര ഷാ ചരിത്ര വിജയം

നേടിയത്. ഇതോടെ നേപ്പാളിലെ ആദ്യ മധേസി പ്രധാനമന്ത്രിയായും രാജ്യത്തെ ഏറ്റവും പ്രായം കുറഞ്ഞ ഭരണാധികാരിയായും 35-കാരനായ അദ്ദേഹം മാറും. നിലവിൽ 106 സീറ്റിൽ വിജയിച്ച RSP ഭരണം ഉറപ്പിച്ചു കഴിഞ്ഞു.

******************************

## BADMINTON

ഓൾ ഇംഗ്ലണ്ട് ഓപ്പൺ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെന്നിന് തോൽവി. ചൈനീസ് തായ്പേയ് താരത്തോട് നേരിട്ടുള്ള സെറ്റുകൾക്കാണ് ലക്ഷ്യ പരാജയപ്പെട്ടത്.